ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 18.08.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. പൗരത്വ ഭേദഗതി നിയമം ഒരു മതത്തിന്റെയും അവകാശങ്ങൾ കവർന്നെടുക്കുന്നതല്ലെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ.

   **Union Home Minister Amit Shah says that the Citizenship Amendment Act does not take away the citizenship rights of any religion.**

2. കൊൽക്കത്തയിൽ യുവ വനിതാ ഡോക്ടർ കൊല്ലപ്പെട്ട സംഭവത്തിൽ സുപ്രീം കോടതി സ്വമേധയാ കേസെടുത്തു.

   **The Supreme Court has taken suo motu cognizance of the Kolkata rape and murder case of young lady doctor.**

3. ചെന്നൈയിൽ സ്ഥാപിച്ച സമുദ്ര മലിനീകരണ നിയന്ത്രണ കേന്ദ്രം രാജ്യരക്ഷാ മന്ത്രി രാജ് നാഥ് സിംഗ് ഉദ്ഘാടനം ചെയ്തു.

   **Defence Minister Rajnath Singh today inaugurated the Regional Marine Pollution Response centre at ICG Regional headquarters Chennai.**

4. അഞ്ച് ദിവസത്തെ സന്ദർശനത്തിനായി നേപ്പാൾ വിദേശകാര്യ മന്ത്രി അർസു റാണ ദ്യൂബ ന്യൂഡൽഹിയിലെത്തി.

   **Foreign Minister of Nepal, Dr Arzu Rana Deuba arrived in New Delhi this afternoon on a five-day visit to India.**

5. കേരളത്തിൽ ഓണം ഖാദി മേളയ്ക്ക് നാളെ തുടക്കം. ഉദ്ഘാടനം തിരുവനന്തപുരത്ത് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും.

**Onam Khadi Mela begins tomorrow in Kerala. Chief Minister Pinarayi Vijayan will inaugurate the fair in Thiruvananthapuram.**

6. ബാഡ്മിന്റൺ ഏഷ്യ ജൂനിയർ ചാമ്പ്യൻഷിപ്പ് മറ്റന്നാൾ ചൈനയിൽ ആരംഭിക്കും. 39 ഇന്ത്യൻ താരങ്ങൾ പങ്കെടുക്കും.

**The Badminton Asia Junior Championship will start tomorrow in China. 39 Indian players will participate.**

&&&&&&&&&&&&&

## PREZ - RAKSHA BANDHAN

രാജ്യത്തെ ജനങ്ങൾക്ക് രാഷ്ട്രപതി ദ്രൗപദി മുർമു രക്ഷാബന്ധൻ ആശംസകൾ നേർന്നു. സഹോദരി സഹോദരന്മാർ തമ്മിലുള്ള സ്നേഹത്തിൻ്റെയും വിശ്വാസത്തിൻ്റെയും അതുല്യമായ ബന്ധത്തിൻ്റെ ആഘോഷമാണ് രക്ഷാ ബന്ധൻ. സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷിക്കാനുള്ള നമ്മുടെ ദൃഢനിശ്ചയത്തെ ഈ ഉത്സവം ശക്തിപ്പെടുത്തുന്നുവെന്ന് ശ്രീമതി ദ്രൗപദി മുർമു ആശംസാ സന്ദേശത്തിൽ കുറിച്ചു.

&&&&&&&&&&&&&

## PM-THAILAND

തായ് ലൻഡ് പ്രധാനമന്ത്രിയായി തിരഞ്ഞെടുക്കപ്പെട്ട പേറ്റോംഗ് തർൻ ഷിനവത്രയെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. ഇന്ത്യ - തായ് ലൻഡ് ബന്ധം കൂടുതൽ സുദൃഢമാക്കുന്നതിന് ഷിനവത്രയ്ക്കൊപ്പം പ്രവർത്തിക്കാൻ സാധിക്കട്ടെയെന്ന് അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&

## HEADLINE 1

## REV. GUJARAT - AMIT SHAH

പൗരത്വ ഭേദഗതി നിയമം ഒരു മതത്തിന്റെയും അവകാശങ്ങൾ കവർന്നെടുക്കുന്നില്ലെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. ഇന്ത്യയിലെത്തുന്ന അഭയാർത്ഥികൾക്ക് പൗരത്വം നൽകി നീതി ഉറപ്പാക്കുകയാണ് നിയമം ലക്ഷ്യമിടുന്നതെന്നും അദ്ദേഹം പറഞ്ഞു. അഹമ്മദാബാദിൽ 188 പേർക്ക് പൗരത്വ സർട്ടിഫിക്കറ്റ് വിതരണം ചെയ്ത് സംസാരിക്കുകയായിരുന്നു ശ്രീ അമിത് ഷാ. അഹമ്മദാബാദ് മുനിസിപ്പൽ കോർപ്പറേഷൻറെ 1,000 കോടി രൂപയുടെ വികസന പദ്ധതികളുടെ ഉദ്ഘാടവും അദ്ദേഹം നിർവഹിച്ചു.

&&&&&&&&&&&&&&

## HEADLINE 2

## SC-KOLKATA DOC CASE

കൊൽക്കത്തയിലെ ആർജി കർ മെഡിക്കൽ കോളജ് ആശുപത്രിയിൽ യുവവനിതാ ഡോക്ടറെ ബലാംത്സംഗം ചെയ്ത് കൊലപ്പെടുത്തിയ സംഭവത്തിൽ സുപ്രീം കോടതി സ്വമേധയാ കേസെടുത്തു. കേസിൽ കേന്ദ്ര - സംസ്ഥാന സർക്കാരുകൾ വിശദീകരണം നൽകണം. ചീഫ് ജസ്റ്റിസ് ഡി.വൈ.ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ച് ചൊവ്വാഴ്ച കേസ് പരിഗണിക്കും. ഈ മാസം ഒമ്പതിനാണ് കേസിന് ആസ്പദമായ സംഭവം. അതേസമയം ആരോഗ്യ പ്രവർത്തകരുടെ സുരക്ഷ സംബന്ധിച്ച ആവശ്യങ്ങൾ സർക്കാർ അടിയന്തിര പ്രധാന്യത്തോടെ പരിഗണിക്കാത്തതിൽ പ്രതിഷേധിച്ച് രാജ്യവ്യാപകമായി നടത്തുന്ന സമരം നാളെയും തുടരുമെന്ന് ഡോക്ടർമാരുടെ സംഘടന അറിയിച്ചു.

&&&&&&&&&&&&&&

## HEADLINE 3

## DEFENCE MINISTER-MARINE POLLUTION RESPONSE CENTRE

ചെന്നൈയിൽ സ്ഥാപിച്ച പ്രാദേശിക സമുദ്ര മലിനീകരണ നിയന്ത്രണ കേന്ദ്രം രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് ഉദ്ഘാടനം ചെയ്തു. തീരദേശ മേഖലയിലെ ജലത്തിൽ കാണപ്പെടുന്ന രാസമാലിന്യത്തെ ഫലപ്രദമായി നേരിടുക എന്ന ലക്ഷ്യത്തോടെയാണ് മലിനീകരണ നിയന്ത്രണ കേന്ദ്രം

സ്ഥാപിച്ചത്. സമുദ്രസുരക്ഷ ശക്തമാക്കുന്നതിനും അടിയന്തര സാഹചര്യങ്ങളിൽ ദ്രുതഗതിയിൽ പ്രതികരിക്കാനും കഴിയുന്ന സാങ്കേതിക വിദ്യയിലൂന്നിയാകും കേന്ദ്രത്തിന്റെ പ്രവർത്തനം.

&&&&&&&&&&&&&

## HEADLINE 4

### NEPAL FM-VISIT

അഞ്ച് ദിവസത്തെ സന്ദർശനത്തിനായി നേപ്പാൾ വിദേശകാര്യ മന്ത്രി അർസു റാണ ദ്യൂബ ന്യൂഡൽഹിയിലെത്തി. നാളെ വിദേശകാര്യ മന്ത്രി എസ് ജയശങ്കറുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തും. ഇരുരാജ്യങ്ങളും തമ്മിലുള്ള സഹകരണത്തിലെ പുരോഗതി ചർച്ച ചെയ്യാനും അവലോകനം ചെയ്യാനും ഈ സന്ദർശനം അവസരമൊരുക്കുമെന്ന് വിദേശകാര്യ മന്ത്രാലയം വ്യക്തമാക്കി. അയൽ രാജ്യങ്ങളിൽ ഇന്ത്യയുടെ മുൻഗണനാ പങ്കാളിയാണ് നേപ്പാളെന്നും മന്ത്രാലയം അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&

### EVE JAISHANKAR - KUWAIT

ഔദ്യോഗിക സന്ദർശനത്തിനായി കുവൈത്തിലെത്തിയ വിദേശകാര്യ മന്ത്രി എസ് ജയശങ്കർ, കുവൈറ്റ് കിരീടാവകാശി ഷെയ്ഖ് സബാഹ് അൽ ഖാലിദ് അസ്സബാഹ് അൽ ഹംദ് അൽ മുബാറക്കിനെ സന്ദർശിച്ചു. നൂറ്റാണ്ടുകളുടെ സൗഹൃദ ബന്ധമാണ് ഇന്ത്യയും കുവൈത്തും പങ്കിടുന്നതെന്ന് ശ്രീ ജയശങ്കർ സമൂഹ മാധ്യമത്തിൽ കുറിച്ചു. ശ്രീ ജയശങ്കറിന്റെ സന്ദർശന വേളയിൽ വ്യാപാരം, നിക്ഷേപം, ഊർജം, സുരക്ഷ, സാംസ്കാരികം തുടങ്ങി വിവിധ മേഖലകളിലെ ഉഭയകക്ഷി ബന്ധത്തെ കുറിച്ച് ഇരു രാജ്യങ്ങളും അഭിപ്രായങ്ങൾ കൈമാറും.

&&&&&&&&&&&&&

### SURESHGOPI- VSSC

മുല്ലപെരിയാർ അണക്കെട്ടിൻറെ സുരക്ഷ സംബന്ധിച്ച് ശാസ്ത്രീയ വശങ്ങൾ കണ്ടെത്തുവാൻ ഐഎസ്ആർഒ പോലുള്ള സ്ഥാപനങ്ങൾക്ക് കഴിയുമെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ്ഗോപി. ദേശീയ ബഹിരാകാശ ദിനത്തോടനുബന്ധിച്ച് തിരുവനന്തപുരം VSSC യിൽ സംഘടിപ്പിച്ച സിമ്പോസിയം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&

## HEADLINE 6

## BADMINTON - JUNIOR CHAMPIONSHIPS

ഈ വർഷത്തെ ബാഡ്മിന്റൺ ഏഷ്യ ജൂനിയർ ചാമ്പ്യൻഷിപ്പ് മറ്റന്നാൾ ആരംഭിക്കും. ചൈനയിലെ ചെങ്ഡുവിലാണ് മത്സരങ്ങൾ. 15, 17 വയസ്സിന് താഴെയുള്ളവരുടെ വിഭാഗങ്ങളിലാണ് ചാമ്പ്യൻഷിപ്പ്. ഇന്ത്യയിൽ നിന്ന് 39 കായിക താരങ്ങളാണ് ഇത്തവണ മത്സരത്തിൽ പങ്കെടുക്കുന്നത്. അടുത്തവർഷം ചാമ്പ്യൻഷിപ്പിന് ആതിഥേയത്വം വഹിക്കുന്നത് ഇന്ത്യയാണ്.

&&&&&&&&&&&&&

## HEADLINE 5

## ONAM -KHADI - CM

കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് ഓണം ഖാദി മേളയുടെ സംസ്ഥാനതല ഉദ്ഘാടനം നാളെ വൈകുന്നേരം തിരുവനന്തപുരത്തെ അയ്യങ്കാളി ഹാളിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. ധനകാര്യമന്ത്രി കെ.എൻ. ബാലഗോപാൽ അധ്യക്ഷത വഹിക്കും. യോഗത്തിൽ ഖാദി ബോർഡ് വൈസ് ചെയർമാൻ പി.ജയരാജൻ പങ്കെടുക്കും.

&&&&&&&&&&&&&

## K N BALAGOPAL

കേരളത്തിലെ നഗരസഭകൾക്ക് 137.16 കോടി രൂപകൂടി അനുവദിച്ചതായി സംസ്ഥാന ധനമന്ത്രി കെ എൻ ബാലഗോപാൽ അറിയിച്ചു. ധനകാര്യ കമ്മീഷൻറെ ആരോഗ്യ ഗ്രാന്റ് ഇനത്തിലാണ് തുക ലഭ്യമാക്കുന്നത്.

അർബൻ ഹെൽത്ത് ആൻഡ് വെൽനെസ് സെന്ററുകൾക്കായി തുക വിനിയോഗിക്കാം. ഗ്രാമ പഞ്ചായത്തുകൾക്ക് 928.28 കോടി രൂപയും നൽകി.

&&&&&&&&&&&&&&

## FSSAI - FOOD- INTRO

ഭക്ഷ്യ ഉത്പന്നങ്ങളിലെ മൈക്രോ പ്ലാസ്റ്റിക് സാന്നിധ്യം ഉയർത്തുന്ന ആശങ്ക പരിഹരിക്കുന്നതിനായി നൂതന പദ്ധതിക്ക് തുടക്കമിട്ട് ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യ.

ഒരു റിപ്പോർട്ട്....

(വോയിസ്)

## FSSAI -FOOD - VOICE

വിവിധ ഭക്ഷ്യവസ്തുക്കളിൽ മൈക്രോ- നാനോ പ്ലാസ്റ്റിക്കിന്റെ സാന്നിധ്യം തിരിച്ചറിയുന്നതിനായാണ് പദ്ധതി. മൈക്രോപ്ലാസ്റ്റിക് മലിനീകരണത്തിന്റെ വ്യാപ്തി മനസ്സിലാക്കാനും പൊതുജനാരോഗ്യം സംരക്ഷിക്കുന്നതിനുള്ള ഫലപ്രദമായ നിയന്ത്രണങ്ങളും സുരക്ഷാ മാനദണ്ഡങ്ങളും രൂപപ്പെടുത്താൻ പദ്ധതി സഹായിക്കുമെന്ന് ഭക്ഷ്യസുരക്ഷാ അതോറിറ്റി അറിയിച്ചു. മൈക്രോ പ്ലാസ്റ്റിക് വിശകലനത്തിനായി സ്റ്റാൻഡേർഡ് പ്രോട്ടോക്കോളുകൾ വികസിപ്പിക്കുക, ഉപഭോക്താക്കൾക്കിടയിൽ അവബോധം വളർത്തുക എന്നിവ പദ്ധതിയുടെ പ്രാഥമിക ലക്ഷ്യങ്ങളാണ്. ലഖ്നൗവിലെ സിഎസ്ഐആർ-ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടോക്സിക്കോളജി റിസർച്ച്, കൊച്ചിയിലെ ഐസിഎആർ-സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി, പിലാനിയിലെ ബിർള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ആൻഡ് സയൻസ് എന്നിവയുൾപ്പെടെ രാജ്യത്തെ പ്രമുഖ ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ചാണ് പദ്ധതി നടപ്പാക്കുന്നത്. നേരത്തെ, രാജ്യത്തെ ഉപ്പ്, പഞ്ചസാര ബ്രാൻഡുകളിൽ മൈക്രോപ്ലാസ്റ്റിക്കിന്റെ സാന്നിധ്യം കണ്ടെത്തിയതായി ഭക്ഷ്യ-കാർഷിക സംഘടന റിപ്പോർട്ട് ചെയ്തിരുന്നു.

ന്യൂസ് ഡെസ്ക് ആകാശവാണി.

&&&&&&&&&&&&&&

## REV MALAYSIA PM - INDIA

മലേഷ്യൻ പ്രധാനമന്ത്രി അൻവർ ബിൻ ഇബ്രാഹിം മൂന്ന് ദിവസത്തെ സന്ദർശനത്തിനായി നാളെ ഇന്ത്യയിലെത്തും. പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി ഉഭയകക്ഷി ചർച്ച നടത്തുന്ന അദ്ദേഹം രാഷ്ട്രപതി ദ്രൗപദി മുർമു, വിദേശകാര്യ മന്ത്രി എസ് ജയശങ്കർ എന്നിവരുമായും കൂടിക്കാഴ്ച നടത്തും. മലേഷ്യൻ പ്രധാനമന്ത്രിയുടെ സന്ദർശനം ഇരുരാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി ബന്ധം കൂടുതൽ ശക്തിപ്പെടുത്തുന്നതിന് വഴിയൊരുക്കുമെന്ന് വിദേശകാര്യ മന്ത്രാലയം വ്യക്തമാക്കി.

&&&&&&&&&&&&&

## IMD-WEATHER

അടുത്ത രണ്ട് ദിവസങ്ങളിൽ കേരളം, തമിഴ്നാട്, ലക്ഷദ്വീപ് എന്നിവിടങ്ങളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഈ ദിവസങ്ങളിൽ കിഴക്കൻ സംസ്ഥാനങ്ങളിലും ശക്തമായ മഴ ഉണ്ടാകുമെന്നുമാണ് മുന്നറിയിപ്പ്. തെക്കൻ ബംഗ്ലാദേശിന് മുകളിലുള്ള ന്യൂനമർദ്ദം നാളെയോടെ വടക്ക്-വടക്കു പടിഞ്ഞാറ് ദിശയിലേക്ക് നീങ്ങുകയും ബംഗ്ലാദേശും അതിനോട് ചേർന്നുള്ള ഗംഗാതീര പശ്ചിമ ബംഗാളും ന്യൂനമർദ്ദ മേഖലയായി മാറുന്നതിന്റെ ഫലമായാണ് മഴ ശക്തി പ്രാപിക്കുന്നത്. കേരളത്തിൽ പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ നാളെ ഓറഞ്ച് ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ട്.

&&&&&&&&&&&&&

## GAZA CEASEFIRE TALKS

ഗസ മുനമ്പിലെ വെടിനിർത്തൽ കരാർ സംബന്ധിച്ചുള്ള ചർച്ച ബുധനാഴ്ച കെയ്റോയിൽ പുനരാരംഭിക്കും. ഈജിപ്ത്, ഖത്തർ, യുഎസ് എന്നീ മധ്യസ്ഥ രാജങ്ങളുടെ പ്രതിനിധികളും ഇസ്രായേൽ പ്രതിനിധികളും ചർച്ചകളിൽ പങ്കെടുക്കും. ഖത്തറിലെ ദോഹയിൽ നടന്ന ചർച്ചകളുടെ തുടർച്ചയാണിത്. കഴിഞ്ഞ വർഷം ഒക്ടോബർ 7 മുതൽ ഗസയിൽ നടന്നുകൊണ്ടിരിക്കുന്ന ഇസ്രായേൽ- ഹമാസ് സൈനിക നടപടികളിൽ ഇതുവരെ 40,000 പേർ കൊല്ലപ്പെട്ടതായാണ് റിപ്പോർട്ട്.

&&&&&&&&&&&&&

## M POX BANGLADESH

ആഗോളതലത്തിൽ കുരങ്ങു പനി ബാധിതരുടെ എണ്ണം വർധിച്ചുവരുന്ന പശ്ചാത്തലത്തിൽ , രോഗം സ്ഥിരീകരിച്ച രാജ്യങ്ങളിൽ നിന്ന് വരുന്ന യാത്രക്കാരെ പരിശോധിക്കാൻ ബംഗ്ലാദേശ് സർക്കാർ തീരുമാനിച്ചു. ആഫ്രിക്കയിൽ രോഗം അതിവേഗം പടരുന്ന സാഹചര്യത്തിൽ ലോകാരോഗ്യ സംഘടന ആഗോള ആരോഗ്യ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിട്ടുണ്ട്. കേന്ദ്ര ആരോഗ്യമന്ത്രി ജെ.പി. നദ്ദ ഇന്നലെ ന്യൂഡൽഹിയിൽ കുരങ്ങുപനി സ്ഥിതിഗതികൾ അവലോകനം ചെയ്തിരുന്നു.

&&&&&&&&&&&&&

## MUKHYAMANTRI MAIYA SAMMAN YOJANA

ജാർഖണ്ഡിൽ സ്ത്രീകൾക്കുള്ള ധന സഹായ പദ്ധതി " മയ്യാ സമ്മാൻ യോജന" മുഖ്യമന്ത്രി ഹേമന്ത് സോറൻ ഉദ്ഘാടനം ചെയ്തു. ആദ്യ ഗഡുവായി ആയിരം രൂപ വീതം, 57,120 സ്ത്രീകളുടെ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ചു. 21 മുതൽ 50 വയസ്സുവരെയുള്ള സ്ത്രീകൾക്ക് മാസം തോറും ആയിരം രൂപ വീതം, പ്രതിവർഷം 12,000 രൂപ ധനസഹായം നൽകുന്ന പദ്ധതിയാണ് "മുഖ്യമന്ത്രി മയ്യാ സമ്മാൻ യോജന'.' സംസ്ഥാനത്തൊട്ടാകെയുള്ള 48 ലക്ഷം സ്ത്രീകൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കും.

&&&&&&&&&&&&&

## UP ACCIDENT

ഉത്തർപ്രദേശിലെ ബുലന്ദ്ഷഹർ ജില്ലയിൽ ഉണ്ടായ വാഹന അപകടത്തിൽ 10 പേർ മരിച്ചു. 37 പേർക്ക് പരിക്കേറ്റു. ഇവരിൽ 4 പേരുടെ നില ഗുരുതരമാണ്. സേലംപൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ ഇന്ന് രാവിലെയാണ് ബസും പിക്കപ്പും കൂട്ടിയിടിച്ചത്. പരിക്കേറ്റവർക്ക് അടിയന്തര ചികിത്സ നൽകാൻ മുഖ്യമന്ത്രി യോഗി ആദിത്യനാഥ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. രക്ഷാബന്ധൻ ഉത്സവത്തിന് പോയ തൊഴിലാളികളാണ് അപകടത്തിൽപ്പെട്ടത്.

&&&&&&&&&&&&&

## BJP MEMBERSHIP DRIVE

ബിജെപിയിൽ പുതിയ അംഗങ്ങളെ ചേർക്കാനുള്ള പ്രവർത്തനങ്ങൾ അടുത്തമാസം ഒന്നുമുതൽ ആരംഭിക്കും. 10 കോടിയിലധികം പേരെ പുതുതായി ചേർക്കാനാണ് പാർട്ടി ലക്ഷ്യമിടുന്നത്. ഡൽഹിയിൽ ചേർന്ന പാർട്ടി ഭാരവാഹികളുടെ യോഗത്തിലാണ് ഇത് സംബന്ധിച്ച തീരുമാനം.

&&&&&&&&&&&&&
&&&&&&&&&
&&&